# കോവിഡ് കാലത്തെ കൊളച്ചരി സി.ഡി.എസ് ന്റെ പ്രവർത്തനങ്ങൾ

**ആമുഖം**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ എടക്കാട് ബ്ലോക്കിലാണ് കൊള ച്ചേരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കൊളച്ചേരി, ചേലേരി, എന്നീ വില്ലേജു കളിയായി വ്യാപിച്ചു കിടക്കുന്നതാണ് കൊളച്ചരി പഞ്ചായത്ത്. പുഴയും വയലും കു ന്നിൻ ചെരിവുമായി നിൽക്കുന്ന ഈ പഞ്ചായത്ത് തികച്ചും കാർഷിക മേഖല തന്നെ യാണ്.

17 വാർഡുകളുള്ള ഈ പഞ്ചായത്തിൽ 200 ഓളം അയൽകൂട്ടങ്ങൾ സി.ഡി.എ സിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 3082 അയൽകൂട്ടഅംഗങ്ങളുണ്ട്. 43 ജെ.എൽ.ജികൾ കൃഷി നടത്തുന്നുണ്ട്. 34 ബാലസഭയും, 28 സംരഭങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കോവിഡ് കാലത്ത് സി.ഡി.എസ് നടത്തിയ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

## കമ്യൂണിറ്റി കിച്ചൺ പ്രവർത്തനം

കൊറോണ കാലത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ വിശപ്പടക്കാൻ കമ്യൂണിറ്റി കിച്ചൺ വഹിച്ച പങ്ക് ചെറുതല്ല. 16-ാം വാർഡിൽ നാല് അംഗങ്ങൾ ചേർന്ന് പ്രവർത്തിച്ചിരുന്ന സംയുക്ത കുടുംബശ്രീ ഹോട്ടലാണ് കമ്യൂണിറ്റി കിച്ചൺ ആയി പ്രവർത്തിച്ച് വരുന്നത്. ഒരു ദിവസം ശരാശരി 250 പേർക്ക് സൗജന്യമായി ഭ ക്ഷണം നൽകുവാൻ സാധിച്ചിരുന്നു. 200 ഓളം അതിഥി തൊഴിലാളികൾക്കാണ് ഭക്ഷണം നൽകി വന്നത്. കൊളച്ചേരിയിലെ ജെ. എൽ. ജി ഗ്രൂപ്പുകളിൽ നിന്ന് 100 കിലോയോളം പച്ചക്കറികൾ കമ്യൂണിറ്റി കിച്ചണിലേക്ക് സംഭാവനയായി ലഭിച്ചിരുന്നു.

ക്വാറന്റൈനിൽ ഉള്ളവർക്കും ഭക്ഷണം നൽകി വരുന്നു. മാർച്ച് 18-ാം മുതൽ കുടുംബശ്രീ ഹോട്ടൽ ജനകീയ ഹോട്ടൽ ആയിപ്രവർത്തനം ആരംഭിച്ചു. അതിഥി തൊഴിലാളികൾക്ക് കുടുംബശ്രീ വഴിഭക്ഷ്യ ധാന്യകിറ്റ് വിതരണവും നടത്തി.

## അഗ്രിചലഞ്ച് - എല്ലാരും നടത്ത്

കൊറോണ കാലത്ത് കാർഷിക മേഖലയിലെ നല്ലൊരു ഇടപെടലായി മാറിയ ഒരു കാമ്പയിനായിരുന്നു കുടുംബശ്രീ ജില്ലാ മിഷൻ എം.കെ.എസ്.പി. പദ്ധതി വഴി നടപ്പിലാക്കിയ 'അഗ്രി ചലഞ്ച് -എല്ലാരും നടത്ത്' എന്ന കാമ്പയിൻ. അതുവഴി കുടുംബശ്രീ വനിതകളിൽ മൈക്രോ ഗ്രീൻസ് എന്ന നൂതന കൃഷി രീതി പരിചയപ്പെടുത്തി. അതുവഴി പോഷകസംപുഷ്ടവും വിഷരഹിതവുമായ ഇലക്കറികളുടെ വ്യാപനവും നടത്തുന്നതിന് സാധിച്ചു. പ്രസ്തുത കാമ്പയിനിൽ കൊളച്ചേരി സി.ഡി.എസിന് മികച്ച പ്രകടനം കാഴ്ച വെക്കുവാൻ സാധിച്ചു. 100ലധികം പേരെ ഈ കാമ്പയിനിൽ പങ്കെടുപ്പിക്കുകയും പങ്കെടുത്ത എല്ലാ കുടുംബശ്രീ വനിതകളും മത്സരാടിസ്ഥാനത്തിൽ കൃഷി നടത്തുകയും ചെയ്തിരുന്നു. ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിന് എടക്കാട് മൂന്നാം സ്ഥാനം ലഭിച്ചത് കൊളച്ചേരിയിലെ വൃന്ദാവനം കുടുംബശ്രീയിലെ ലതികയ്ക്കാണ്.

ബാലസഭയും വായനശാലയും സംയുക്തമായി ചിത്രരചനാ മത്സരം നടത്തി. എൽ.പി, യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിൽ നടത്തിയ മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു. സമ്മാനാർഹരായ കുട്ടികൾക്ക് എ.ഡി.എസുകൾ സമ്മാനം നൽകും.

# മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി

ലോക്ഡൗണിനെ തുടർന്ന് ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ സഹകരണ ബാങ്ക് വഴി കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയ സഹകരണ വായ്പാ പദ്ധതിയിൽ കൊളച്ചരി സി.ഡി.എസിലെ 178 അയൽകൂട്ടങ്ങൾക്ക് 1,75,35,000 രൂപ അനുവദിച്ചിട്ടുണ്ട്. കൊളച്ചേരി സഹകരണ ബാങ്ക്, മുല്ലക്കൊടി ഗ്രാമീണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളിലൂടെയാണ് വായ്പാ വിതരണം നടത്തുന്നത്.

***Submitted by***

KAVITHA T.P

BLOCK CO-ORDINATOR( MKSP)

EDAKAD BLOCK

Deepa P.K

ചെയർപേഴ്സൺ / മെമ്പർ സെക്രട്ടറി
കുടുംബശ്രീ (സി.ഡി.എസ്സ്)
കൊളച്ചേരി ഗ്രാമപഞ്ചായത്ത്
കൊളച്ചേരി 670601